ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 01.09.2024**

# പ്രധാനവാർത്തകൾ

1. വയനാട്ടിൽ ദുരന്ത മേഖലയിലെ സ്കൂളുകളിൽ പുനഃപ്രവേശനോത്സവം നാളെ നടക്കും.

2. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ 'എയ്റോ ലോഞ്ച്' മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. വ്യവസായങ്ങളെയും സേവനങ്ങളെയും ജനോപകാരപ്രദമായി നിലനിർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി.

3. നാല് മാസം നീണ്ടു നിൽക്കുന്ന 21-ാമത് കന്നുകാലി സെൻസസിന് നാളെ സംസ്ഥാനത്ത് തുടക്കമാകും.

4. ഭക്ഷ്യ സാങ്കേതിക വ്യവസായ മേഖലയിൽ രാജ്യത്തിൻറെ ഹബ്ബാകാനുള്ള ശ്രമത്തിലാണ് കേരളമെന്ന് മന്ത്രി പി രാജീവ്.

5. നെഹ്റു ട്രോഫി വള്ളംകളി ഓണക്കാലത്തോടനുബന്ധിച്ച് നടത്തുന്നത് സജീവ പരിഗണനയിലെന്ന് മന്ത്രി വി. എൻ വാസവൻ.

6. പ്രഥമ കേരള ക്രിക്കറ്റ് ലീഗ് ട്വൻറി- 20 മത്സരങ്ങൾക്ക് നാളെ തിരുവനന്തപുരത്ത് തുടക്കം.

**************************************

## വയനാട് - പ്രവേശനോത്സവം

വയനാട്ടിൽ ഉരുൾപൊട്ടൽ മേഖലയിലെ സ്കൂളുകളിൽ പുനഃപ്രവേശനോത്സവം നാളെ നടത്തും. മന്ത്രി വി.ശിവൻകുട്ടി പരിപാടി ഉദ്ഘാടനം ചെയ്യും. വെള്ളാർമല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മേപ്പാടി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലും, മുണ്ടക്കൈ G.L.P.S, മേപ്പാടി കമ്മ്യൂണിറ്റി ഹാളിലുമാണ് പ്രവർത്തിക്കുക. ഉരുൾപൊട്ടലിൽ SSLC സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അതിന്റെ പകർപ്പ് ചടങ്ങിൽ വിതരണം ചെയ്യും.

***********************************

## കൊച്ചി ടെർമിനൽ-മുഖ്യമന്ത്രി

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ യാത്രക്കാരുടെ ഹ്രസ്വ സമയ വിശ്രമത്തിനായി സജ്ജമാക്കിയ '0484- എയ്റോ ലോഞ്ച്' മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കൊച്ചി വിമാനത്താവളത്തിൽ 550 കോടി രൂപ ചെലവിൽ നിർമ്മാണത്തിൽ ഇരിക്കുന്ന വികസന പദ്ധതികൾ മൂന്നു വർഷത്തിനുള്ളിൽ പൂർത്തിയാകും എന്നാണ് പ്രതീക്ഷയെന്ന് മുഖ്യമന്ത്രി പറഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്ത് നടത്തുന്ന നയമാണ് സംസ്ഥാന സർക്കാരിനുള്ളത്. വ്യവസായങ്ങളെയും സേവനങ്ങളെയും ജനോപകാരപ്രദമായി നിലനിർത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. മന്ത്രിമാരായ പി രാജീവ്, കെ രാജൻ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ജനപ്രതിനിധികൾ, വ്യവസായികൾ, സിയാൽ ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

***********************************

RNUTVPM

## കന്നുകാലി സെൻസസ്

21-ാമത് കന്നുകാലി സെൻസസിന് നാളെ തുടക്കമാകും. നാല് മാസം നീണ്ടു നിൽക്കുന്ന സെൻസസ്, ഡിസംബർ 31 ന് സമാപിക്കും. സംസ്ഥാനത്തെ ഒരു കോടി 6 ലക്ഷത്തോളം വരുന്ന വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മൃഗങ്ങളുടെ സമ്പൂർണ വിവരങ്ങൾ ശേഖരിക്കുകയും, ക്രോഡീകരിക്കുകയും ചെയ്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കും. മൃഗങ്ങളുടെ ഇനം, പ്രായം, ലിംഗഘടന എന്നിവയുൾപ്പെടെ കന്നുകാലികളുടെ എണ്ണത്തിലുള്ള വർദ്ധനയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയാണ് കന്നുകാലി സെൻസസിന്റെ പ്രാഥമികലക്ഷ്യം.

***********************************

## നെഹ്‌റു ട്രോഫി - വി.എൻ വാസവൻ

നെഹ്‌റു ട്രോഫി വള്ളംകളി ഓണക്കാലത്തോടനുബന്ധിച്ച് നടത്തുന്നത് സജീവ പരിഗണനയിലെന്ന് മന്ത്രി വി എൻ വാസവൻ. വയനാട് ദുരന്തം മൂലമാണ് നെഹ്‌റു ട്രോഫി മാറ്റിവെച്ചത്. എന്നാൽ അനിശ്ചിതകാലമായി വള്ളം കളി മാറ്റിവയ്ക്കണമെന്ന് ഉദ്ദേശിച്ചിട്ടില്ല. ഓണത്തോടനുബന്ധിച്ച് വള്ളംകളി നടത്തണമെന്ന് ജലോത്സവ പ്രേമികളും, ക്ലബ്ബുകളും ആവശ്യപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായ സംഘാടക സമിതി രൂപീകരിച്ചു പ്രവർത്തനം ആരംഭിക്കുമെന്നും മന്ത്രി കോട്ടയത്ത് അറിയിച്ചു.

***********************************

## ജെ. പി. നദ്ദ

ബിജെപി ദേശീയ അദ്ധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ. പി. നദ്ദ പാലക്കാട്ടെ വ്യവസായികളും, പൗരപ്രമുഖരുമായി

RNU TVPM

സംവദിച്ചു. പാലക്കാടിന്റെ വിവിധ വികസന പരിപാടികൾ സംബന്ധിച്ച് പ്രതിനിധികളുമായി കേന്ദ്രമന്ത്രി ചർച്ച ചെയ്തു. നരേന്ദ്രമോദി അധികാരത്തിൽ വന്നതിനുശേഷം രാജ്യത്തെ രാഷ്ട്രീയം വികസന അജണ്ടയിലേക്ക് മാറിയെന്ന് നദ്ദ പറഞ്ഞു. കേരളത്തിലെ ഇടത്, വലത് മുന്നണികൾ നാണയത്തിന്റെ രണ്ടുവശങ്ങളാണെന്നും അവർ കേരളത്തെ അഴിമതിയിലാക്കിയെന്നും അദ്ദേഹം ആരോപിച്ചു. മുൻ കേന്ദ്രമന്ത്രി വി മുരളീധരൻ, ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

*************************************

## പി വി അൻവർ

RNU TVPM

എ ഡി ജി പി എം ആർ അജിത് കുമാർ, പത്തനംതിട്ട എസ് പി സുജിത് ദാസ്, മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി ശശി എന്നിവർക്കെതിരെ രൂക്ഷ വിമർശനവുമായി പി വി അൻവർ എം എൽ എ. എം. ആർ അജിത് കുമാർ മന്ത്രിമാരുടെ ഫോൺ ചോർത്തുന്ന കൊടും കുറ്റവാളിയാണെന്നും സുജിത് ദാസ് സ്വർണ്ണക്കടത്തുകാരെ സഹായിക്കുന്നുവെന്നും പി വി അൻവർ ആരോപിച്ചു. ഇതെല്ലാം മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി ശശിയുടെ ശ്രദ്ധയിൽ പെടുത്തിയെങ്കിലും നടപടി ഉണ്ടായില്ല. കൂടുതൽ തെളിവുകൾ പുറത്തുവിടുമെന്നും തനിക്ക് ജീവന് ഭീഷണിയുണ്ടെന്നും പി വി അൻവർ പറഞ്ഞു. പത്തനംതിട്ട എസ് പി സുജിത് ദാസ് നടത്തിയ ഫോൺ കോൾ റെക്കോർഡ് ചെയ്തത് പുറത്തുവിട്ടതിനു പിന്നാലെയാണ് കൂടുതൽ കാര്യങ്ങൾ വിശദമാക്കാനായി പി.വി. അൻവർ ഇന്ന് മലപ്പുറത്ത് മാധ്യമങ്ങളെ കണ്ടത്.

*************************************

## പി വി അൻവർ- കോൺഗ്രസ്സ്, ബി ജെ പി

കേരള പോലീസിനെ സംബന്ധിച്ച് ഒരു സി.പി.എം എം.എൽ.എയുടെ ഭാഗത്ത് നിന്നുണ്ടായ ആരോപണങ്ങൾ ഗുരുതരമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. മുഖ്യമന്ത്രിയുടെ ഓഫീസിലെ ഉപജാപക സംഘമാണ് പൊലീസിനെ നിയന്ത്രിക്കുന്നതെന്ന പ്രതിപക്ഷ ആരോപണം സത്യമാണെന്ന് തെളിഞ്ഞു. ആരോപണവുമായി ബന്ധപ്പെട്ട മുഴുവൻ ഉദ്യോഗസ്ഥരെയും അടിയന്തിരമായി സസ്പെൻഡ് ചെയ്യണം. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയെയും പുറത്താക്കണം. കേരളം നടുങ്ങുന്ന ആരോപണങ്ങളാണ് മുഖ്യമന്ത്രിക്കെതിരെ ഉയർന്നിരിക്കുന്നതെന്നും, മുഖ്യമന്ത്രി രാജി വയ്ക്കണമെന്നും ശ്രീ. സതീശൻ കൊച്ചിയിൽ ആവശ്യപ്പെട്ടു. മുഖ്യമന്ത്രിയുടെ ഓഫീസിനെതിരെ ഗുരുതരമായ ആരോപണമാണ് പി വി അൻവർ ഉന്നയിച്ചിരിക്കുന്നതെന്നും മുഖ്യമന്ത്രി ഇതിന് മറുപടി പറയണമെന്നും ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ ആവശ്യപ്പെട്ടു.

RNU TVPM

************************************

## ഫുഡ് ടെക്നോളജി കോൺക്ലേവ്

ഫുഡ് ടെക്നോളജി വ്യവസായമേഖലയിൽ രാജ്യത്തിൻ്റെ ഹബ്ബാകാനുള്ള ശ്രമത്തിലാണ് കേരളമെന്നും, ഇതിൻ്റെ ആദ്യ ചുവടുവയ്പ്പാണ് നാളെ കൊച്ചിയിൽ സംഘടിപ്പിക്കുന്ന 'കേരള ഫുഡ് ടെക് കോൺക്ലേവ്' എന്നും മന്ത്രി പി രാജീവ്. ഭക്ഷ്യ സംസ്കരണ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുക, മേഖലയിലെ കേരളത്തിന്റെ സാധ്യതകൾ കൂടുതൽ നിക്ഷേപകരിലേക്കെത്തിക്കുക, നിലവിലെ പ്രതിസന്ധികൾ ചർച്ച ചെയ്ത് പരിഹാരം കാണുക തുടങ്ങിയ ലക്ഷ്യങ്ങൾക്ക് ഫുഡ്ടെക് കോൺക്ലേവ്

സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

*************************************

**കെ.സി.എൽ - ഇൻട്രോ**

കേരളാ ക്രിക്കറ്റ് അസോസിയേഷന്റെ പ്രഥമ കേരള ക്രിക്കറ്റ് ലീഗ് ട്വൻറി- 20 മത്സരങ്ങൾക്ക് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ നടക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

**(വോയ്സ്)**

*************************************

**മമ്മൂട്ടി, ജയസൂര്യ**

ഹേമ കമ്മറ്റി റിപ്പോർട്ടിലെ പ്രായോഗികമായ ശുപാർശകൾ നടപ്പാക്കണമെന്നും, അതിന് നിയമതടസ്സങ്ങളുണ്ടെങ്കിൽ ആവശ്യമായ നിയമനിർമാണം നടത്തണമെന്നും ചലച്ചിത്ര താരം മമ്മൂട്ടി. സിനിമയിൽ 'ശക്തികേന്ദ്ര'മില്ല. അഭിനേതാക്കളുടെ സംഘടനയുടെ ഔദ്യോഗിക പ്രതികരണങ്ങൾക്ക് ശേഷമാണ് അംഗമെന്ന നിലയിൽ അഭിപ്രായം പറയേണ്ടത് എന്ന് വിശ്വസിക്കുന്നതു കൊണ്ടാണ് ഇത്രയും കാത്തതെന്നും മമ്മൂട്ടി സമൂഹ മാധ്യമത്തിൽ കുറിച്ചു. അതേസമയം, തനിക്ക് നേരെ ഉയരുന്നത് വ്യാജ ആരോപണങ്ങൾ ആണെന്നും, വിഷയത്തിൽ നിയമനടപടി സ്വീകരിക്കുമെന്നും നടൻ ജയസൂര്യ പ്രസ്താവനയിൽ അറിയിച്ചു.

*************************************

PNU TVPM

## യുഡിഎഫ്- പ്രതിഷേധം

വടകരയിലെ വിവാദ സ്ക്രീൻഷോട്ട്, ഹേമ കമ്മിറ്റി റിപ്പോർട്ട് എന്നിവയിൽ സർക്കാർ കുറ്റക്കാരെ സംരക്ഷിക്കുന്ന നടപടികൾ ആണ് സ്വീകരിക്കുന്നതെന്നും, ഇതിൽ പ്രതിഷേധിച്ച് യുഡിഎഫ് നാളെ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ പ്രതിഷേധ സംഗമം സംഘടിപ്പിക്കുമെന്നും മുന്നണി നേതൃത്വം അറിയിച്ചു. പ്രതിപക്ഷ നേതാവ് വിഡി സതീശൻ രാവിലെ 10 ന് പ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്യും.

***********************************

## കേന്ദ്ര സംഘം -സന്ദർശനം

കേന്ദ്ര ആഭ്യന്തര മന്ത്രാലയം രൂപീകരിച്ച അന്തർ-മന്ത്രാലയ കേന്ദ്ര സംഘം വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉണ്ടായ കേരളം, അസം, മിസോറാം, ത്രിപുര സംസ്ഥാനങ്ങൾ ഈ വർഷം സന്ദർശിച്ചതായി കേന്ദ്ര സർക്കാർ. മെമ്മോറാണ്ടത്തിനായി കാത്തുനിൽക്കാതെ, നാശനഷ്ടങ്ങളുടെ നേരിട്ടുള്ള വിലയിരുത്തലിന് മുൻകൂറായാണ് സംഘം സന്ദർശനം നടത്തിയത്. ഗുജറാത്തിലെ മഴയും വെള്ളപ്പൊക്കവും മൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്താൻ സംസ്ഥാനത്തെ പ്രളയബാധിത ജില്ലകൾ കേന്ദ്ര സംഘം ഉടൻ സന്ദർശിക്കുമെന്നും ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

***********************************

## കാലാവസ്ഥ മുന്നറിയിപ്പ്

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, തൃശൂർ, പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ

RNU TVPM

നിർദ്ദേശമുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് മറ്റന്നാൾ വരെയും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പ്. വടക്ക് - കിഴക്കൻ അറബിക്കടലിന് മുകളിൽ സ്ഥിതി ചെയ്യുന്ന അസ്ന ചുഴലിക്കാറ്റ് വൈകുന്നേരത്തോടെ അതിതീവ്ര ന്യൂനമർദ്ദമായും നാളെ രാവിലെയോടെ തീവ്ര ന്യൂനമർദ്ദമായും ശക്തികുറയാൻ സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

************************************

## ട്രെയിൻ- റദ്ദാക്കി

ആന്ധ്ര പ്രദേശ്, തെലങ്കാന എന്നിവിടങ്ങളിലെ കനത്ത മഴ ട്രെയിൻ ഗതാഗതത്തെ ബാധിച്ചു. ഇന്ന് യാത്രയാരംഭിക്കുന്ന സെക്കന്ദരാബാദ്-തിരുവനന്തപുരം ശബരി എക്സ്പ്രസ്സ്, മറ്റന്നാളത്തെ തിരുവനന്തപുരം- സെക്കന്ദരാബാദ് ശബരി എക്സ്പ്രസ്സ് തുടങ്ങിയവ റദ്ദാക്കി. ഇന്നലെ യാത്രയാരംഭിച്ച ന്യൂ ദൽഹി- തിരുവനന്തപുരം കേരള എക്സ്പ്രസ്സ്, കോർബ-കൊച്ചുവേളി എക്സ്പ്രസ്സ്, എറണാകുളം- പാറ്റ്ന സൂപ്പര്ഫാസ്റ് എന്നിവയുടെ റൂട്ടിൽ മാറ്റം വരുത്തിയിട്ടുണ്ട്. അതിനിടെ, അങ്കമാലി യാർഡിൽ അറ്റകുറ്റ പണി നടക്കുന്നതിനാൽ സംസ്ഥാനത്ത് നിരവധി ട്രെയിനുകൾ വൈകി ഓടുന്നു.

RNU TVPM

************************************

## കെ. ജെ ബേബി- അനുശോചനം

പ്രശസ്ത നാടകകൃത്തും സാഹിത്യകാരനുമായ കെ. ജെ ബേബിയുടെ നിര്യാണത്തിൽ മന്ത്രി ഒ ആർ കേളു അനുശോചിച്ചു. ആദിവാസി പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനും, പരിസ്ഥിതി, മനുഷ്യാവകാശ പ്രവർത്തനങ്ങളിലും കെ.ജെ ബേബി വഹിച്ച പങ്ക് ഒരിക്കലും

മറക്കാൻ കഴിയാത്തതാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. മന്ത്രി കെ രാജനും കെ. ജെ ബേബിക്ക് ആദരാഞ്ജലി അർപ്പിച്ചു. വയനാട് നടവയൽ ചീങ്ങോട്ടെ വീടിനോട് ചേർന്നുള്ള കളരിയിലാണ് ഇന്ന് രാവിലെ കെ. ജെ ബേബിയെ മരിച്ച നിലയിൽ കണ്ടെത്തിയത്. കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവാണ്.

*****************************************************

***********************************

*********************

RNU TVPM